# LIFE വെബ്സൈറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ -ഭാഗം 2

LIFE മിഷൻ പദ്ധതിയുടെ യോഗ്യരായവരുടെ പ്രഥമ കരട് പട്ടിക നിലവിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനോടകം തന്നെ ലഭ്യമായിട്ടുണ്ടാകുമല്ലോ.

പ്രസ്തുത ലിസ്റ്റിൽ ഓരോ ഗുണഭോക്താവിനേയും പ്രത്യേകമായി പരിശോധിച്ച് അയോഗ്യരായിട്ടുള്ളവർ ഉൾപ്പെട്ടിട്ടുണ്ടെന്ന ബോധ്യപ്പെടുന്നപക്ഷം **REJECT** ഓപ്ഷൻ മുഖാന്തിരം അവരെ പ്രസ്തുത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

അതിനു ശേഷം ലഭ്യമാകുന്ന ലിസ്റ്റിന്റെ മലയാള പരിഭാഷയാണ് (അനുബന്ധമായി ചേർത്തിട്ടുള്ള കുറിപ്പ് പരിശോധിക്കുക)പ്രസിദ്ധീകരിക്കേണ്ടത്.


**പട്ടികയിലില്ലാത്ത ഒരു കുടുംബത്തിനേയും അപ്പീൽ കാലയളവിന് മുൻപായി പട്ടികയിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്.**

സാദ്ധ്യതാ ലിസ്റ്റിൽ നിന്നും അയോഗ്യരായ എല്ലാ അപേക്ഷകരേയും നീക്കം ചെയ്ത ശേഷം പട്ടിക അംഗീകരിക്കേണ്ടതാണ്. ഇതിനായി അഡ്മിനിസ്ടേഷൻ മെനുവിൽ **പട്ടിക അംഗീകരീക്കുക** എന്ന Option ഉപയോഗിക്കുക




സൈറ്റിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട പ്രവർത്തന നിർദ്ദേശങ്ങൾ **മാർഗ്ഗനിർദ്ദേശങ്ങൾ** എന്ന മെനുവിൽ ലഭ്യമാകുന്നതാണ്

ലഭ്യമാകുന്ന പേജിൽ സാധ്യതാ പട്ടിക online ആയി **പ്രസിദ്ധീകരിച്ചപ്പോൾ ഉണ്ടായിരുന്ന അപേക്ഷകരുടെ എണ്ണവും** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ **അയോഗ്യരാണെന്ന് കണ്ടെത്തി ഒഴിവാക്കിയവരുടെ എണ്ണവും** അയോഗ്യരെ **ഒഴിവാക്കി ബാക്കി പ്രസിദ്ധീകരണത്തിനായി അംഗീകരിക്കവുന്നവരുടെ** എണ്ണവും ലഭ്യമാകുന്നതാണ്.പ്രസ്തുത വിവരങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം **പട്ടിക അംഗീകരിക്കുക** ബട്ടൺ Click ചെയ്യുക.



[redacted]_MUNCP GRAMA PANCHAYATH

അഡ്മിനിസ്ട്രേഷൻ | സാധ്യതാ പട്ടിക | ഒഴിവാക്കപ്പെട്ടവരുടെ വിവരം | പുറത്തുകടക്കുക

| | സാധ്യതാ പട്ടികയിലുണ്ടായിരുന്നവർ | സാധ്യതാ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ ( REJECTED) | നിലവിൽ അംഗീകരിക്കാവുന്നത് |
|---|---|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 100 | 10 | 90 |
| ഭൂരഹിത ഭവന രഹിതർ | 150 | 15 | 135 |
| **ആകെ** | 250 | 25 | 225 |

പട്ടിക അംഗീകരിക്കുക

വിശദമായ ലിസ്റ്റ് കാണുന്നതിനായി **നിലവിൽ അംഗീകരിക്കവുന്നത്** എന്ന കോളത്തിലുള്ള സംഖ്യയിൽ Click ചെയ്യുക

പട്ടിക അംഗീകരിക്കുന്നതിനായുള്ള Option ജൂലൈ 27മുതൽ ലഭ്യമാകുന്നതാണ്.

പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുൻപായി മേൽ പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണ്.

ഒഴിവാക്കേണ്ടവർ ഉണ്ടെങ്കിൽ **പട്ടിക അംഗീകരിക്കുക** എന്ന Online പ്രവർത്തനം ചെയ്യുന്നതിന് മുൻപായി അനുബന്ധം 1 ലെ (5,6,7,8,9,10,11) നിർദ്ദേശങ്ങൾ ഉപയോഗിച്ച് ഒഴിവാക്കേണ്ടതാണ്.

**പ്രസിദ്ധീകരിക്കുന്ന പട്ടികയിലുള്ളവരുടെ എണ്ണവും വെബ്സൈറ്റിൽ ലഭ്യമാകുന്ന പട്ടികയിലുള്ളവരുടെ എണ്ണവും തുല്യമാകണം**

**ഒരിക്കൽ അംഗീകരിച്ച് പ്രഥമ പട്ടിക പിന്നീട് മാറ്റം വരുത്തുവാൻ സാധിക്കുന്നതല്ല.**

| **വെബ്സൈറ്റ് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ** | **പദ്ധതി വിശദാംശങ്ങൾക്കായി ബന്ധപ്പെടേണ്ട നമ്പർ** |
|---|---|
| ശ്രീജിത്ത്: 8848057433<br>പ്രദീപ് 9846380213 | അജിത 9447495195<br>രവിരാജ് 9946937951<br>സനോബ് 9895174293<br>അനീഷ് 9746815381<br>രോഷ്നി പിള്ള 9605269775 |

# കുറിപ്പ്

വിഷയം:- ലൈഫ് മിഷൻ – റേഷൻ കാർഡ് യൂണിറ്റായി പരിഗണിച്ചത്

– സംബന്ധിച്ച്.

ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് **"ഒരു റേഷൻ കാർഡിന് ഒരു വീട്"** എന്നത് മാനദണ്ഡമായി തിരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻകാർഡ് ഇല്ലാത്തവരും റേഷൻകാർഡിന്റെ നമ്പർ രേഖപ്പെടുത്താത്തവരും ഒരു റേഷൻ കാർഡ് നമ്പർ ഉപയോഗിച്ച് ഒന്നിൽ കൂടുതൽ കുടുംബങ്ങൾ, സർവേയിൽ വന്നിട്ടുണ്ട് എങ്കിലും (മുതിർന്ന അംഗങ്ങളുള്ള കുടുംബമൊഴികെ) അവരെ അർഹതയുള്ളവരുടെ കരട് പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

സർവേ ചെയ്ത സമയത്ത് താഴെപറയുന്ന ഘടകങ്ങളിൽ വരുന്നവരെ കുടുംബമായി പരിഗണിച്ച് സർവേ ചെയ്തിരുന്നു.

a) റേഷൻ കാർഡുള്ളവർ
b) കല്യാണം കഴിഞ്ഞ് ഒരു വർഷമായി കുടുംബമായി താമസിക്കുന്നവർ
c) ഒരു വീട്ടിൽ ഒന്നിൽ കൂടുതൽ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്ന വ്യത്യസ്ത കുടുംബങ്ങൾ

അർഹരുടെ കരട് പട്ടിക തയ്യാറാക്കിയപ്പോൾ മുകളിൽ പറഞ്ഞ (b) യും (c) യും ഘടകങ്ങളിൽ വരുന്നവരെ ഒഴിവാക്കി, റേഷൻ കാർഡ് ഉള്ളവരെ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. ഒഴിവാക്കിയവരുടെ പട്ടികയിൽ ഇത്തരക്കാരുടെ നേരെ താഴെപറയുന്ന കാരണങ്ങൾ ചേർത്തിട്ടുണ്ട്.

1. TREATED AS FAMILY ON THE BASIS OF MARRIAGE
2. TREATED AS FAMILY ON THE BASIS OF SEPARATE KITCHEN
3.

ഒഴിവാക്കിയവരുടെ പട്ടിക മലയാളത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുമ്പോൾ ഈ രണ്ട് ഗണത്തിൽ വരുന്നവരെയും ഒഴിവാക്കിയതിന്റെ കാരണം **"റേഷൻകാർഡിന്റെ അടിസ്ഥാനത്തിലല്ല സർവ്വേയിൽ ഉൾപ്പെടുത്തിയത്"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.


LIFE TEAM

അനുബന്ധം 1

LIFE പദ്ധതിയുടെ ഭാഗമായി നടന്ന സർവേയുടെ ഡാറ്റാ എൻട്രി വിവരങ്ങളുടെ അടിസ്ഥാനത്തിൽ യോഗ്യരായവരുടെയും അയോഗ്യരായവരുടെയും പട്ടിക തയ്യാറാക്കി നിലവിൽ lifemission.org.in എന്ന വെബ് വിലാസത്തിൽ ലഭ്യമാക്കിയിട്ടുണ്ട് പ്രസ്തുത വിവരങ്ങൾ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതോടൊപ്പം ലബ്യമാക്കിയിട്ടുള്ള login വിവരങ്ങൾ ഉപയോഗിച്ച് പരിശോധിക്കാവുന്നതാണ്.

**വെബ് സൈറ്റ് ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

1. Firefox ബ്രൗസർ തുറക്കുക
2. http://www.lifemission.org.in എന്ന് വെബ് അഡ്രസ്സ് ടൈപ്പ് ചെയ്യുക. ലഭ്യമാക്കിയിട്ടുള്ള ലോഗിൻ വിവരങ്ങൾ എന്റർ ചെയ്യുക





3. തുടർന്ന് സൈറ്റിന്റെ password മാറ്റുന്നതിനുള്ള page ലഭ്യമാകും. ഇവിടെ Old password ൽ നിലവിലുള്ള password ഉം New password ലും Confirm new password ലും പുതുതായി സെറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന password type ചെയ്യുക. ഈ password രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.





4. Password മാറ്റുന്നതിനെ തുടർന്ന് ലഭ്യമാകുന്ന പേജിൽ **അഡ്മിനിസ്ട്രഷൻ, സാധ്യതാ പട്ടിക, ഒഴിവാക്കപ്പെട്ടവരുടെ വിവരം, പുറത്ത് കടക്കുക** എന്നിങ്ങനെ മെനു ഉണ്ടായിരിക്കും .




5. യോഗ്യരായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സാധ്യതാ പട്ടിക **''ഭൂരഹിത ഭവന രഹിതർ''**എന്നും **''ഭൂമിയുള്ള ഭവന രഹിതരെ''**ന്നും വേർതിരിച്ച് **സാധ്യതാ പട്ടിക** മെനുവിൽ ലഭ്യമാക്കിയിട്ടുണ്ട്.





6. ഇത് **എക്സൽ ഫോർമാറ്റിൽ** ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നതാണ്.





7. സാധ്യതാപട്ടികയിലെ ഗുണഭോക്താക്കളുടെ പൂർണ്ണവിവരങ്ങൾ പട്ടികയിൽ ഗൃഹനാഥന്റെ പേരിനുനേരെയുള്ള **സർവ്വേ കോഡിൽ** ക്ലിക്ക് ചെയ്താൽ ലഭ്യമാകും.




8. പട്ടികയുടെ മുകൾ ഭാഗത്തായി ലഭ്യമാക്കിയിട്ടുള്ള **Search** ബോക്സിൽ ഗുണഭോക്താക്കളുടെ പേര്/റേഷൻകാർഡ് നമ്പർ/ആധാർ നമ്പർ എന്നിവ ഉപയോഗിച്ച് ഏതെങ്കിലും ഗുണഭോക്താവ് പട്ടികയിൽ ഉണ്ടോ എന്ന് കണ്ടെത്താവുന്നതാണ്.




9. ഒന്നിലധികം തവണ ആവർത്തിച്ച സർവ്വേ ഫോമുകളും സാധ്യതാപട്ടിക തയ്യാറാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ വ്യക്തമായ വേർതിരിക്കാൻ പറ്റാത്തതും പേര്, അഡ്രസ്സ്, വാർഡ് എന്നിവയിൽ സമാനതകൾ ഉള്ളതുമായ വിവരങ്ങൾ സാധ്യതാപട്ടികയിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.
10. സാധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ കുടുംബത്തിന്റേയും വിവരങ്ങൾ പ്രത്യേകമായി പരിശോധിച്ച് ആവർത്തിക്കപ്പെട്ടതോ തെറ്റായ വിവരങ്ങൾ നൽകി യോഗ്യതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളെ നീക്കം ചെയ്യേണ്ടതാണ്.
11. ഇതിനായി സാധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ കുടുംബത്തിന്റേയും പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാകുന്ന പേജിന്റെ (നിർദ്ദേശം 7 പ്രകാരം) അവസാന ഭാഗത്ത് **Accept, Reject** എന്നീ ബട്ടണുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഒരു കുടുംബം ലഭ്യമാക്കിയിട്ടുള്ള വിവരം ശരിയാണെന്നും അത് പ്രകാരം സാധ്യതാപട്ടികയിൽ ഉൾപ്പെടേണ്ടതാണെന്ന് ബോധ്യപ്പെടുന്ന പക്ഷം **Accept button** ക്ലിക്ക് ചെയ്യേണ്ടതാണ്. കൂടാതെ ഏതെങ്കിലും കുടുംബത്തിലെ വിവരങ്ങൾ ആവർത്തിക്കപ്പെട്ടതാണെന്നോ ഒഴിവാക്കപ്പെടേണ്ടതാണെന്നോ ബോധ്യപ്പെടുന്ന പക്ഷം **Reject button** ക്ലിക്ക് ചെയ്യേണ്ടതാണ്. ഒരു കുടുംബത്തിനെ ഒഴിവാക്കുന്ന സാഹചര്യത്തിൽ അതിനുള്ള കാരണം **Remarks** ബോക്സിൽ ടൈപ്പ് ചെയ്യേണ്ടതാണ്. സാധ്യതാപട്ടികയിൽ ഒരു കുടുംബം ഒന്നിലധികം തവണ വന്നിട്ടുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം ഒരെണ്ണം ഒഴികെ മറ്റെല്ലാ റെക്കോർഡുകളും Reject ചെയ്യേണ്ടതാണ്.



| | | | |
|---|---|---|---|
| 12 | Bank Name: **IOB** Branch Name: **ARALUMMOODU** Acc No: **074001000045051** | | |
| **Land Details** | | | |
| 13 | | Any chance of getting land tenure by inheritance | NO |
| **Details of House** HOUSE DETAILS MISSING | | | |
| | 14 | Type of Ownership of presently living house | rented |
| | 14.1 | If in Joint family relation with the family | NA |
| 15 | | Whether any house was owned by self or by parents | N0 |
| | 15.1 | If Yes reason for still homeless | NA |
| 16 | | Whether presently a beneficiary under any Government Housing Scheme | No |
| | 16.1 | If Yes detailsName of the Scheme | NA |
| | 16.2 | Whether executed any agreement | NA |
| | a | If agreement executed , present status of house construction | NA |
| 17 | | whether interested in living in a flat outside the localbody jurisdiction if LIFE mission provide upto 1 Cent a housing unit(flat) | YES |
| | 17.1 | If No reason | |
| | | accept reject | Reason for rejection |

12. നിലവിലുള്ള സാധ്യതാ ലിസ്റ്റിൽ നിന്നും അയോഗ്യരായിട്ടുള്ള കുടുംബങ്ങളെ ഒഴിവാക്കാൻ സാധിക്കും എന്നാൽ പുതിയ ഗുണഭോക്താവിനെ ചേർക്കുന്നതിനുള്ള സംവിധാനം അപ്പീൽ കാലയളവിൽ മാത്രമേ ലഭ്യമാകുകയുള്ളു.

13. അയോഗ്യരായിട്ടുള്ള ഗുണാഭോക്താക്കളുടെ വിവരങ്ങൾ കാരണ സഹിതം **"ഒഴിവാക്കപ്പെട്ടവരുടെ വിവരം"** എന്ന **menu** ൽ **മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തവർ, ഇരട്ടിയായി രേഖപ്പെടുത്തിയവർ, അപൂർണ്ണമായവ** എന്നിവയിൽ ലഭ്യമാക്കിയിട്ടുണ്ട്.




- **മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തവർ**
  - **--** സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തവരുടെ പട്ടിക
- **ഇരട്ടിയായി രേഖപ്പെടുത്തിയവർ—**
  - ഒരേ വിവരങ്ങൾ (Ration card/Adhaar) ഒന്നിലധികം അപേക്ഷകളിൽ വന്നത്
- **അപൂർണ്ണമായവ**
  - ഭവനത്തിന്റേയോ ഭൂമിയുടെയോ കുടുംബത്തിന്റേയോ വിവരങ്ങൾ ലഭ്യമല്ലാത്ത അപേക്ഷകൾ(അപൂർണ്ണമായവ)

## സാധ്യതാപട്ടികയിൽ ഉള്ള എല്ലാത്തരം തെറ്റുകളും നീക്കം ചെയ്തശേഷം മാത്രമേ പ്രഥമ കരട് പട്ടികപ്രസിദ്ധീകരിക്കാൻ പാടുള്ളൂ.

14. അയോഗ്യരായ കുടുംബങ്ങളുടെ പട്ടികയിലും ആവർത്തനം, അപൂർണ്ണമായ വിവരങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.
15. പുതുതായി ഒരു കുടുംബത്തിനെ ഉൾപ്പെടുത്തുന്നതിനോ, വിട്ടുപോയ ഭാഗങ്ങൾ ചേർക്കുന്നതിനോ, തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനോ ഉള്ള സംവിധാനം അപ്പീൽ കാലയളവിൽ മാത്രമേ ലഭ്യമാക്കുകയുള്ളൂ.